കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ചളവറ ഗ്രാമപഞ്ചായത്ത് - പാലക്കാട് ജില്ല - 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(2) - തെരുവു വിളക്കുകളുടെ റിപ്പയറിംഗ് ചാർജ്ജിനത്തിലുണ്ടായ ചെലവ് - ഓഡിറ്റ് തടസ്സം - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.2666/12/തസ്വഭവ. തിരുവനന്തപുരം,തീയതി: 24/09/2012

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 31/03/2012-ലെ എം4-6636/12 നമ്പർ കത്തും 28/09/2011-ലെ 7(5) -ാം നമ്പർ കമ്മിറ്റി തീരുമാനവും 29/12/2011-ലെ ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗത്തിന്റെ 1(4) നമ്പർ തീരുമാനവും

2) 25/05/2012-ലെ ജി.ഒ (ആർ.ടി) 1431/12/തസ്വഭവ നമ്പർ ഉത്തരവ്.

3) 15/09/2011-ലെ 3055/DA3/11/LSGD, 27/03/2012-ലെ 67208/DA3/11 എന്നീ സർക്കുലറുകൾ.

4) ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ 01/08/2012-ലെ LF -8619/PT2/12 നമ്പർ കത്ത്.

## ഉത്തരവ്

പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3(2) പ്രകാരം തെരുവ് വിളക്കുകളുടെ റിപ്പയറിംഗ് ചാർജ്ജിനത്തിലുണ്ടായ 11,100/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു. ആയതിന് സാധൂകരണം നൽകണമെന്ന ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28/09/2011-ലെ 7(V) -ാം നമ്പർ തീരുമാനത്തിന്റെയും 29/12/2011-ലെ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ

പരാമർശം 1 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

തെരുവു വിളക്കുകളുടെ റിപ്പയർ സംബന്ധിച്ച് പഞ്ചായത്തധികൃതരുടെ മറുപടി, ഭരണ സമിതി തീരുമാനം, 25/05/2012-ലെ ജി.ഒ (ആർ.ടി) 1431/12/തസ്വഭവ നമ്പർ ഉത്തരവ് എന്നിവ പരിഗണിച്ച് തെരുവു വിളക്കുകളുടെ റിപ്പയറിംഗിനായി ചെലവഴിച്ച 11,100/- രൂപയുടെ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റർ പരാമർശം 4 പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ വിവരിച്ച വസ്തുതകളുടെയും തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ് 15/09/2011, 27/03/2012 എന്നീ തീയതികളിലായി പുറപ്പെടുവിച്ച യഥാക്രമം 3055/DA3/11/തസ്വഭവ, 67208/DA3/11/തസ്വഭവ സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ പാലക്കാട് ജില്ലയിലെ ചളവറ ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയ തെരുവു വിളക്കുകളുടെ റിപ്പയറിംഗിനായി 11,100/- രൂപ (പതിനൊന്നായിരത്തി ഒരുന്നൂറ് രൂപ മാത്രം) ചെലവഴിച്ച ചളവറ ഗ്രാമപഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സെക്രട്ടറി, ചളവറ ഗ്രാമപഞ്ചായത്ത്, palakad
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ